**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.123. 12.07.2016 ൽ മറുപടിയ്ക്ക്.**

**<u>ഹരിത ട്രിബ്യൂണൽ ഉത്തരവ് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ</u>**

| ചോദ്യം<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>,, പി.കെ.ബഷീർ<br>,, ടി. വി. ഇബ്രാഹിം<br>,, എം. ഉമ്മർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പത്ത് വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾക്ക് നിയന്ത്രണ മേർപ്പെടുത്തിക്കൊണ്ടുള്ള ഹരിത ട്രിബ്യൂണൽ ഉത്തരവ്, സംസ്ഥാനത്തെ ഗതാഗത മേഖലയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | സാധാരണ ജനങ്ങളുടെ സഞ്ചാര സൗകര്യത്തെ ഇത് ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (ബി) | പരിശോധിച്ചിട്ടുണ്ട്.<br>ബഹുമാനപ്പെട്ട ഹരിത ട്രിബ്യൂണലിന്റെ വിധി നടപ്പിൽ വരുകയാണെങ്കിൽ ആയത് പൊതു ഗതാഗത സംവിധാനത്തെയും,സാധാരണ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ പ്രതികൂലമായി ബാധിക്കും. ഏകദേശം 61,000 ട്രാൻസ്പോർട്ട് വാഹനങ്ങളും, ഏകദേശം 40000 നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളും പൊതു നിരത്തിൽ നിന്നും |

| | | | |
|---|---|---|---|
| | | | ഉടനടി അപ്രത്യക്ഷമാകും. മേൽ പറഞ്ഞതിൽ സ്റ്റേജ് കാര്യേജുകളും ഉൾപ്പെടും. കേരളത്തിലെ പൊതു ഗതാഗത സംവിധാനം പ്രധാനമായും ആശ്രയിക്കുന്നത് കെ എസ് ആർ ടി സി ബസ്സുകളെയും, പ്രൈവറ്റ് സ്റ്റേജ് കാര്യേജുകളെയുമാണ്. നിലവിൽ കേരളത്തിലെ നിരത്തുകളിൽ സർവ്വീസ് നടത്തുന്ന ഏകദേശം 6600 ഓളം വരുന്ന സ്റ്റേജ് കാര്യേജുകൾ പത്തോ, അതിലധികമോ വർഷം കഴിഞ്ഞതാണ്. ഈ വാഹനങ്ങൾ നിരത്തിൽ നിന്നും അപ്രത്യക്ഷമാകുകയാണെങ്കിൽ പൊതു ഗതാഗത സംവിധാനം ആകെ താറുമാറാകും. കൂടാതെ കോൺട്രാക്ട് കാര്യേജുകൾക്കും ടി ഉത്തരവ് ബാധകമായതിനാൽ അന്തർസംസ്ഥാന റൂട്ടുകളിലെ യാത്രക്കാർക്കും യാത്ര ദുഷ്കരമായിത്തീരും. |
| (സി) | ഇതു മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യാനുള്ള പരിഹാര നടപടികൾ ആലോചിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (സി) | ആലോചിച്ചിട്ടുണ്ട്.<br>ബഹു. ഹരിത ട്രിബ്യൂണലിന്റെ വിധിക്കെതിരെ കെ.എസ്.ആർ.ടി.സി.യും കേരളാ സ്വകാര്യ ബസ്സ് ഓപ്പറേറ്റേഴ്സ് ഫെഡറേഷനും വെവ്വേറെ ഫയൽ ചെയ്തിട്ടു പെറ്റീഷനുകളിൽ ബഹു. ഹൈക്കോടതി 10/06/2016 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ദേശീയ ഹരിത ട്രൈബ്യൂണൽ വിധി സ്റ്റേ ചെയ്തിരിക്കുകയാണ്. കേരള സർക്കാരും |

| | | | |
|---|---|---|---|
| | | | ട്രൈബ്യൂണൽ വിധിയ്ക്കെതിരെ ബഹു. കേരള ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ബഹു. സുപ്രീംകോടതിയിൽ കേവിയറ്റ് പെറ്റീഷൻ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണൽ മുമ്പാകെ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് ഉചിതമായ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ വിധി സൃഷ്ടിക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ വിശദീകരിച്ചുകൊണ്ടും ഉചിതമായ നിലയിൽ ഇക്കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ബഹു. മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിക്കും, ബഹു. സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രി ബഹു. കേന്ദ്ര റോഡ് ഗതാഗത വകുപ്പ് മന്ത്രിക്കും, ബഹു. കേന്ദ്ര പരിസ്ഥിതി വനം വകുപ്പ് മന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. ഈ വിഷയം സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രി കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രിയുമായി നേരിട്ട് കൂടിക്കാഴ്ച നടത്തി ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ.